'ഭരണഭാഷ-മാതൃഭാഷ'

ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഹോമിയോപ്പതി വകുപ്പ്-ശബരിമല മണ്ഡലപൂജ/മകരവിളക്ക് മഹോൽസവം-സന്നിധാനം/പമ്പ താൽക്കാലിക ഡിസ്പെൻസറികളുടെ രണ്ടാംഘട്ടം പ്രവർത്തനം തീയതി പുനക്രമീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹോമിയോപ്പതി ഡയറക്ടറാഫീസ്

നമ്പർ.ജി1/9114/2012/ഡിഎച്ച്. **തിരുവനന്തപുരം, തീയതി 17/11/12**

പരാമർശം:- ഈ ഓഫീസിലെ 6/11/2012, 14/11/2012 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവ്.

ഉത്തരവ്

ശബരിമല മണ്ഡല/മകരവിളക്ക് മഹോൽസവത്തോടനുബന്ധിച്ച് സന്നിധാനം/പമ്പ എന്നിവടങ്ങളിൽ പ്രവർത്തിച്ചുവരുന്ന താൽക്കാലിക സർക്കാർ ഹോമിയോ ഡിസ്പെൻസറികളുടെ രണ്ട് ഘട്ടം ഡ്യൂട്ടി തീയതി പുനക്രമീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒന്നാംഘട്ടം ഡ്യൂട്ടി അവസാനിക്കുന്ന തീയതി / സമയം – 25/11/2012 രാവിലെ 9 മണി

രണ്ടാം ഘട്ടം ഡ്യൂട്ടി തുടങ്ങുന്ന തീയതി/സമയം – 25/11/2012 രാവിലെ 9 മണി
" " അവസാനിക്കുന്ന " " – 04/12/2012 " "

ഒന്നാം ഘട്ടം ഡ്യൂട്ടിയുടെ ചുമതല വഹിക്കുന്ന ചീഫ് മെഡിക്കലാഫീസർ/ മെഡിക്കലാഫീസർ സ്ഥാപനങ്ങളുടെ ചാർജ്ജ് രണ്ടാംഘട്ടം ഡ്യൂട്ടി ചുമതല വഹിക്കുന്ന ചീഫ് മെഡിക്കലാഫീസർ/ മെഡിക്കലാഫീസർമാർക്ക് 25/11/12 രാവിലെ 9 മണിക്ക് കൈമാറ്റേണ്ടതാണ്.

രണ്ടാംഘട്ടം ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരുന്ന ജീവനക്കാർ യഥാസമയം തന്നെ അവർ ജോലി നോക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതും ശബരിമല ഡ്യൂട്ടിയ്ക്ക് ഹാജരാക്കേണ്ടതുമാണ്..

ജീവനക്കാർ അവരുടെ യാത്രാബത്ത പമ്പ ഡിസ്പെൻസറിയിൽ നിന്നും ഡ്യൂട്ടി തീരുന്ന ദിവസം കൈപ്പറ്റേണ്ടതാണ്.

ഒപ്പ്
ഡോ.കെ.ജുമന
ഡയറക്ടർ

പകർപ്പ്:- ചീഫ് മെഡിക്കലാഫീസർ/മെഡിക്കലാഫീസർ
സർക്കാർ ഹോമിയോ ഡിസ്പെൻസറി, പമ്പ/സന്നിധാനം
ജില്ലാ മെഡിക്കലാഫീസർ (ഹോമിയോ)പത്തനംതിട്ട
ബന്ധപ്പെട്ട കക്ഷികൾക്ക്.
മെഡിക്കലാഫീസർ/ചീഫ് മെഡിക്കലാഫീസർ/സൂപ്രണ്ട്
സർക്കാർ ഹോമിയോ ഡിസ്പെൻസറി,/സർക്കാർ ഹോമിയോ ആശുപത്രി
സി എ റ്റു ഡിഎച്ച്/എ.ഒ/എഎ/അക്കൗണ്ട്സ് സൂപ്രണ്ട്/ ജനറൽ സൂപ്രണ്ട് ഫയൽ/ സ്റ്റോക്ക് ഫയൽ

/അംഗീകാരത്തോടെ/

സീനിയർ സൂപ്രണ്ട്

എസ്ഇകെ